# പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 972

10/02/2016-ലെ
മറുപടിയ്ക്ക്

**പട്ടികജാതി സഹകരണസംഘങ്ങൾ**

| **ചോദ്യം**<br><br>**ഡോ. ടി. എം തോമസ് ഐസക്**<br>**ശ്രീ. കെ. വി. അബ്ദുൾ ഖാദർ**<br>**ശ്രീമതി. കെ. എസ്. സലീഖ**<br>**ഡോ. കെ.ടി. ജലീൽ** | | **ഉത്തരം**<br><br>**ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി സഹകരണസംഘങ്ങളുടെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;പ്രസ്തുത ലക്ഷ്യം നേടാനായോ; വിശദാംശം അറിയിക്കുമോ; | (എ) | ഗവൺമെന്റിന്റെ പല പദ്ധതികളും പ്രയോജനപ്പെടുത്തി പൊതു ഉടമസ്ഥതയിലുള്ള ആസ്തികൾ സമ്പാദിച്ച് ടി ആസ്തികൾ സ്വന്തം സമൂഹത്തിന്റെ വളർച്ചക്കുവേണ്ടി ഉപയുക്തമാക്കാനാണ് പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ രൂപീകൃതമായത്. ധനകാര്യ കാര്യനിർവ്വഹണത്തിലും ബിസിനസ്സിലും പ്രൊഫഷണലിസം മെച്ചപ്പെടുത്തിയാൽ മാത്രമേ പട്ടികജാതി സംഘങ്ങൾക്ക് ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഈ ലക്ഷ്യം നേടാനായി സഹകരണ വകുപ്പിന്റ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കാൻ പട്ടികജാതി വികസന വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത്തരം സംഘങ്ങളെ സംബന്ധിച്ചുള്ള നിയമസഭാസമിതിയുടെ പഠനത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു; ഇവയുടെ പുനരുജ്ജീവനത്തിനായി നൽകിയ ശിപാർശകൾ ഏവ; | (ബി) | നിയമസഭാസമിതിയുടെ ശുപാർശകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | സമിതിയുടെ ശിപാർശകളിൽ നടപ്പിലാക്കിയവ ഏതെല്ലാമാണെന്നും അതിന്റെ ഫലമെന്താണെന്നും വിലയിരുത്തിയിട്ടുണ്ടോ; പൂർണ്ണ വിവരം ലഭ്യമാക്കാമോ? | (സി) | പട്ടികജാതി വികസന വകുപ്പ് പട്ടികജാതി സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന സമിതിയുടെ 18 ഉം 21 ഉം ശുപാർശകളുടെ തുടർനടപടികളുടെ ഭാഗമായി പട്ടികജാതി ജനവിഭാഗങ്ങളുടെ തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും , കുറഞ്ഞത് 5 പട്ടികജാതി അംഗങ്ങൾക്കെങ്കിലും തൊഴിൽ നൽകുകയും ചെയ്യാൻ കഴിയുന്നതുമായ പട്ടികജാതി സഹകരണ സംഘങ്ങൾ , മത്സ്യ സഹകരണസംഘങ്ങൾ, കയർ സഹകരണ സംഘങ്ങൾ , തുടങ്ങിയ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിക്കും , പട്ടികജാതി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും , സ്വാശ്രയ |

| | | | |
|---|---|---|---|
| | | | ഗ്രൂപ്പുകളിൽ തിരിച്ചടവ് ശേഷി വർദ്ധിപ്പിച്ച് സാമ്പത്തിക പുരോഗതിക്ക് സഹായിക്കുന്ന ഒരു പദ്ധതിക്കും 26-9-2015 ലെ സ. ഉ ( സാധാ) നമ്പർ 1560/15/പജപവിവ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട് . മേൽ പരാമർശിച്ച രണ്ടു പദ്ധതികൾക്കും പട്ടികജാതി വികസനവകുപ്പിന്റെ ഫണ്ട് വിനിയോഗിക്കാനാണ് നിർദ്ദേശം നൽകിട്ടുള്ളത്. സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം പദ്ധതി നടപ്പിലാ ക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഐ.ടി. മേഖലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും സംരംഭം ആരംഭിക്കുവാൻ പ്രാപ്തരാക്കുന്നതിനും വകുപ്പിന്റെ കീഴിലുള്ള മണ്ണന്തല അംബേദ്കർ ഭവനിലെ 5000 ച. അടി സ്ഥലം നവീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പും കേരള സ്റ്റാർട്ട് അപ്പ് മിഷനും ചേർന്ന് 2016 ഫെബ്രുവരി 2 ന് സംരംഭക സംഗമവും വർക്ക്ഷോപ്പും നടത്തിയിരുന്നു. ഇത്തരത്തിലുള്ള ശില്പശാലകൾ സഹകരണ വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കണമെന്ന സമിതിയുടെ 23-ാമത് ശുപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പുമായി സഹകരിച്ച് സമാനപദ്ധതികൾ നടപ്പിലാക്കുന്നതിനും പദ്ധതി നിർദ്ദേശം സമർപ്പിക്കുന്നതിനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Bali K.T

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്